പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: **3657**

**15.12.2014** ൽ മറുപടിക്ക്

**തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്തിലെ ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കാൻ നടപടി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | ശ്രീ.ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന ആറിന്റെ നീരൊഴുക്ക് വീണ്ടെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഒരു സംയുക്ത യോഗം വിളിച്ച് ചേർക്കുന്നതിന് തീരുമാനമെടുക്കുമോ; വിശദാംശം അറിയിക്കുമോ;<br><br>(ബി) ഈ വിഷയത്തിൻമേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കുമോ;<br><br>(സി) പരിസ്ഥിതി സന്തുലനവുമായി ബന്ധപ്പെടുന്ന ഈ വിഷയത്തിന്റെ പ്രാധാന്യം ബോദ്ധ്യപ്പെട്ട് സമയബന്ധിതായി പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കുന്നതിനുള്ള ശ്രമമുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ)<br>(ബി)<br>&<br>(സി) | 15-07-2014 ൽ ഇതുമായി ബന്ധപ്പെട്ട് ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും, ചെങ്ങന്നൂർ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിലും ഒരു യോഗം നടക്കുകയുണ്ടായി. മേൽ യോഗത്തിൽ ഈ നദിയുടെ അതിരുകൾ നിർണ്ണയിക്കുന്നതിനായി റവന്യൂ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. ചെങ്ങന്നൂർ മുനിസിപ്പാലിറ്റി, തിരുവൻവണ്ടൂർ പഞ്ചായത്ത് എന്നിവിടങ്ങളിലൂടെ ഒഴുകിയിരുന്ന വരട്ടാറിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത യോഗം വിളിച്ചുകൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

Tanny P S

സെക്ഷൻ ഓഫീസർ